(ബി) പ്രസ്തുത നിവേദനം റിപ്പോർട്ടിനും നടപടിക്കുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സർക്കിൾ തിരുവനന്തപുരത്തിന് നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (17.85 ലക്ഷം രൂപയുടെ ) തയ്യാറാക്കുകയും 2012-13 സാമ്പത്തിക വർഷം ഇത് ചീഫ് എഞ്ചിനീയർ (ജ&ഭ)-ക്ക് ലഭിക്കുകയും ചെയ്തു. ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി 2012-13 സാമ്പത്തിക വർഷം അനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകി നടപ്പിലാക്കാവുന്നതാണ്.

## മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

139 (4167) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14 വർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെകീഴിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) സർക്കാരിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ളപദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിൽ നീതീകരിക്കാനാകാത്ത കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) 2012-13, 2013-14 വർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ പുറടെ ചേർക്കുന്നു :

2012-13 കാലയളവിലെ പ്രവൃത്തികൾ

1. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തിയ മൈലാടി മിനി കുടിവെള്ള പദ്ധതി-പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2. മലപ്പുറം മുൻസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 23 മൂലത്ത് മണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 14 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

3. ആനക്കയം പഞ്ചായത്തിലെ ആനക്കയം പാലത്തിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 15 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. മൊറയൂർ പഞ്ചായത്തിലെ തീരപ്പറ്റ എന്ന സ്ഥലത്ത് തീരപ്പറ്റ അമ്പലത്തോട് തോടിന് കുറുകെ വി.സി.ബി.-യുടെ നിർമ്മാണം- 25 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

5. പുൽപ്പറ്റ പഞ്ചായത്തിലെ കുളിരി തറക്കുഴിയിൽ കടുങ്ങല്ലൂർ തോടിന് കുറുകെ വി.സി.ബി.-കം-ബ്രിഡ്ജിന്റെ നിർമ്മാണം- 45 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

6. ആനക്കയം ഗ്രാമപഞ്ചായത്തിലെ 21-ാം വാർഡിൽ പടിഞ്ഞാറ്റുമുറി കുളത്തിന്റെ പുനർനിർമ്മാണം- 26.90 ലക്ഷം രൂപ -ഈ പദ്ധതി പൂർത്തീകരിച്ചു.

7. മലപ്പുറം നഗരസഭയിലെ കോണാംപാറയിൽ അണിനി പൊതുകുളത്തിന്റെ പുനർനിർമ്മാണം- 33 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

8. പുൽപ്പറ്റ പഞ്ചായത്തിലെ തോരീരിയിൽ കടുങ്ങല്ലൂർ തോടിന് കുറുകെ ട്രാക്ടർ. ബ്രിഡ്ജിന്റെ നിർമ്മാണം - 25 ലക്ഷം രൂപ.

9. പുൽപ്പറ്റ പഞ്ചായത്തിലെ പുല്ലാരപ്പറമ്പിൽ കടുങ്ങല്ലൂർ വലിയ തോടിന് കുറുകെ വി.സി.ബി. നിർമ്മാണം - 45 ലക്ഷം രൂപ.

10. മലപ്പുറം നഗരസഭയിലെ ചെറ്റുപാലം എന്ന സ്ഥലത്ത് വലിയ തോടിന് കുറുകെയുള്ള മരുന്ന് പാടം വി.സി.ബി.-യുടെ പുനർനിർമ്മാണം - 52.50 ലക്ഷം രൂപ.

2013-14 കാലയളവിലെ പ്രവൃത്തികൾ

1. വരൾച്ചാ ദുരിതാശ്വാസപദ്ധതിയിൽപ്പെടുത്തിയ, പറേങ്കുന്നത്ത് മിനി കുടിവെള്ള പദ്ധതി, മൊറയൂർ പഞ്ചായത്ത് - ഈ പദ്ധതി പൂർത്തീകരിച്ചു.

2. മലപ്പുറം മുനിസിപ്പാലിറ്റിയിലെ ആലുക്കൽ കടവിനു സമീപം പട്ടർകടവിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 23 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

3. മൊറയൂർ പഞ്ചായത്തിലെ 2-ാം വാർഡിൽ ഒഴുക്കൂർ എന്ന സ്ഥലത്ത് പള്ളിമുക്ക് അമ്പലക്കുളത്തിന്റെ നിർമ്മാണം - 25 ലക്ഷം രൂപ

4. പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ പൂച്ചേങ്ങൽ ബോലയിൽ വലിയതോടിനുകുറുകെ ചെക്ക്ഡാം നിർമ്മാണം- 45 ലക്ഷം രൂപ.

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പ്രവൃത്തികളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. പുൽപ്പറ്റ പഞ്ചായത്തിലെ ആവുങ്ങാപ്പറമ്പ് പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്. പുൽപ്പറ്റ പഞ്ചായത്തിലെ വലിയാറ് നാല്സെന്റ് കോളനി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി, LAC-ADS പ്രവൃത്തികൾ എന്നിവ പുരോഗമിച്ചുവരുന്നു.

(സി&ഡി) പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്താറില്ല.

**ജലസേചന വകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി**

**140 (4168)** ശ്രീ. പി. റ്റി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-2-2011-ലെ 5836-ാം നമ്പർ മന്ത്രിസഭാ തീരുമാനപ്രകാരം ജലസേചനവകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് എത്ര തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) അതിൽ എത്രപേർക്കാണ് നിയമനം നൽകിയിരുന്നത് ;

(സി) ഇങ്ങനെ നിയമനം നൽകിയവരിൽ എത്രപേർ റിട്ടയർ ചെയ്തിട്ടുണ്ട് ;

(ഡി) റിട്ടയർമെന്റ് തസ്തികയിലേക്ക്, നേരത്തെ പരിഗണിക്കപ്പെട്ടവരും ഇപ്പോൾ സർവ്വീസിലുള്ളവരുമായ ആളുകൾക്ക് പ്രൊമോഷൻ നൽകി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇങ്ങനെ നിയമിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ ?

ഉത്തരം

(എ&ബി) 16-2-2011-ലെ ഇനം നമ്പർ 5836 പ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനം എച്ച്.ആർ/സി.എൽ.ആർ./എസ്.എൽ.ആർ. ജോലിക്കാരെ വർക്കർ ആയി സ്ഥിരപ്പെടുത്തേണ്ട ആവശ്യത്തിലേക്ക് 1243 പുതിയ വർക്കർ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നടപ്പാക്കുകയുണ്ടായില്ല. എന്നാൽ 16-1-2013-ലെ ഗവ. ഉത്തരവ് പ്രകാരം 834 എച്ച്.ആർ./സി.എൽ.ആർ. ജീവനക്കാരെ എസ്.എൽ.ആർ. ജീവനക്കാരായി മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly